ശാസ്ത്രദർശനപരമായ അന്വേഷണങ്ങൾ പരിചയപ്പെടുത്തുന്ന പംക്തി - 3

*.....most scientist tend to understand little more about science than fish about hydrodynamics- Imre Lakatose*

*തത്വചിന്ത മരിച്ചു (ഹോക്കിങ്ങും മ്ലോഡിനോവും 2010), തത്വചിന്ത പ്രയോജനശൂന്യമായ ബൗദ്ധികവ്യായാമമാണ് (സ്റ്റീഫൻ വീൻബർഗ്, 1994), ചരിത്രപരമായി നോക്കിയാൽ തത്വചിന്ത സയൻസിന്റെ പുരോഗതിക്കും തത്ഫലമായി മാനവപുരോഗതിയ്ക്കും വിഘാതമായിരുന്നു (നസീർ 2017) തുടങ്ങിയ തത്വചിന്താനിരാസങ്ങളുടെ വിമർശനമാണ് ഈ കുറിപ്പ്.*

# തത്വചിന്തയുടെ മരണം ചില മറുവാദങ്ങൾ

ശാസ്ത്രദർശനം ശാസ്ത്രജ്ഞർക്ക് പ്രയോജനപ്പെടുക എന്നതാണ് ശാസ്ത്രദർശനത്തിന്റെ ലക്ഷ്യവും മൂല്യവും എന്ന് കരുതുന്നത് വലിയ പിഴവാണ്. കാരണം സയൻസിനെ സഹായിക്കുക എന്നതല്ല മറ്റു പഠനോദ്യമങ്ങളുടെ താൽപര്യം.

**ഷിനോദ്. എൻ.കെ**

പോസ്റ്റ് ഡോക്ടറൽ ഫെലോ. ഡിപ്പാർട്ട്മെന്റ് ഓഫ് ഹ്യുമാനിറ്റീസ് ആന്റ് സോഷ്യൽ സയൻസസ്, ഐ.ഐ.ടി ഡൽഹി.

**ആമുഖം**

തത്വചിന്തയുടെ മരണം പ്രഖ്യാപിച്ച ഒട്ടനവധിപേർ മരിച്ചു പോയി എന്നത് തത്വചിന്തയുടെ മരണത്തെപ്പറ്റി വിചാരിക്കാൻ നമ്മെ ഭയപ്പെടുത്തേണ്ട ഒന്നല്ല. എന്നാൽ 'സ്റ്റീഫൻ ഹോക്കിംഗ് മരിച്ചു' എന്നതും 'തത്വചിന്ത മരിച്ചു എന്നതും' തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുവാൻ കഴിയുന്നില്ലെങ്കിൽ മരണത്തെപ്പറ്റിയുള്ള നമ്മുടെ ചിന്തകളെ നാം ഭയപ്പെടേണ്ടതുണ്ട്. എന്തെന്നാൽ, രൂപകാതിശയോക്തികളിൽ ചിന്ത കുരുങ്ങി പോകുന്നതിന്റെ മറ്റൊരുദാഹരണം മാത്രമായി നമ്മുടെ വിചാരങ്ങൾ ചുരുങ്ങും. അതുകൊണ്ട് തത്വചിന്തയുടെ അല്ലെങ്കിൽ ഏതെങ്കിലും ഒരു അക്കാദമിക വിഷയത്തിന്റെ മരണം/സാംഗത്യരാഹിത്യം എന്നതുകൊണ്ട് നാം ഉദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമാക്കേണ്ടതുണ്ട്. ആകയാൽ, അക്കാദമിക വിഷയത്തിന്റെ മരണം/സാംഗത്യരാഹിത്യം എന്നതിനെ ഇനി പറയുന്ന രീതികളിൽ കാണാം.

1. ഒരു അനുശീലനം (Discipline) പഠിക്കുകയോ പ്രയോഗിക്കുകയോ ചെയ്യുന്നില്ല എങ്കിൽ അത് മരിച്ചു എന്നു പറയാം. Home Science അത്തരം ഒരു വിഷയമാണ്. ഒരു കാലത്ത് അക്കാദമികമായി പഠിച്ചിരുന്ന വിഷയമായിരുന്നു ഹോം സയൻസ്. പ്രധാനമായും സ്ത്രീകളെ ഉദ്ദേശിച്ചായിരുന്നു ഈ വിഷയം നടത്തിയിരുന്നത്. ഉദ്ദേശം ഉത്തമ കുടുംബിനികളെ നിർമ്മിക്കൽ തന്നെ. ഇപ്പോൾ പ്രചാരത്തിലുള്ള വിഷയമല്ല ഇത്. സർവ്വകലാശാല എന്ന മലയാള സിനിമ ഓർത്താൽ ഇതെളുപ്പം മനസ്സിലാകും. ഇപ്പോൾ പ്രചാരത്തിലോ പ്രയോഗത്തിലോ ഇല്ലാത്ത വിഷയം എന്ന നിലയ്ക്ക് ഹോം സയൻസ് മരിച്ചു എന്നു പറയാം. എന്നാൽ ജ്യോതിഷം (Astrology) ഇങ്ങനല്ല. അത് ഇപ്പോഴും പ്രയോഗത്തിലും പ്രചാരത്തിലുമുണ്ട്. തത്വചിന്ത മരിച്ചു എന്ന് പറയുന്നത് ഹോംസയൻസ് മരിച്ചു എന്നു പറയുംപോലെ ആകാം. എന്നാൽ, അക്കാദമിക വിഷയമായി ഇപ്പോഴും നിലവിലുള്ളതുകൊണ്ട് ഈ അർത്ഥത്തിൽ തത്വചിന്ത മരിച്ചിട്ടില്ല.

2. ഒരു അനുശീലനത്തിന് പ്രായോഗികമൂല്യവും ഇല്ല എന്ന അർത്ഥത്തിൽ അത് മരിച്ചു എന്ന് പറയാം.

3. ഒരു അനുശീലനത്തിന്റെ കീഴിൽ ഉണ്ടായിരുന്ന വിഷയങ്ങളെ പഠിക്കാൻ അത് അപര്യാപ്തമാവുകയും തത് വിഷയ

ങ്ങളെ ഇതര അനുശീലനങ്ങൾ ഏറ്റെടുക്കുകയും ചെയ്യുക.

രണ്ടാമത്തേയും മൂന്നാമത്തേയും കാരണങ്ങളാലാണ് തത്വചിന്ത മരിച്ചു എന്ന് സ്റ്റീഫൻ ഹോക്കിംഗും വീൻബർഗും അവകാശപ്പെടുന്നത്. ഹോക്കിംഗ് ഒരുപടികൂടി കടന്ന് ശാസ്ത്രത്തിലുള്ള അറിവിന്റെ അപര്യാപ്തതയാണ് പല തത്വചിന്തകരേയും നയിക്കുന്നത് എന്നുംകൂടി പറഞ്ഞുവയ്ക്കുന്നു.

**തത്വചിന്താ നിരാസം**

സ്റ്റീഫൻ വീൻബർഗിന്റെ (1994) അഭിപ്രായത്തിൽ തത്വചിന്ത ഉപേക്ഷിക്കേണ്ടത് പ്രധാന കാരണങ്ങൾ ഇനി പറയുന്നവയാണ്.

1. തത്വചിന്ത ശാസ്ത്രത്തിനു യാതൊരു ഉപകാരവും ചെയ്യുന്നില്ല.

2. പ്രാമാണികമായ പല തത്വചിന്താപാരമ്പര്യങ്ങളും ശാസ്ത്രപുരോഗതിയെ തടസ്സപ്പെടുത്തുകയാണുണ്ടായിട്ടുള്ളത്. ഇത്തരം തത്വചിന്തകളുടെ നീരാളിപ്പിടുത്തത്തിൽ നിന്നും വിടുതലുണ്ടാക്കുക എന്നത് മാത്രമാണ് തത്വചിന്തകൊണ്ട് ശാസ്ത്രത്തിനുണ്ടായിട്ടുള്ള ഏക പ്രയോജനം. അതായത്, ഋണാത്മകമായാണ് തത്വചിന്ത ശാസ്ത്രത്തിനു ഉപകരിച്ചിട്ടുള്ളത്.

3. തത്വചിന്ത ശാസ്ത്രീയമല്ല.

4. ശാസ്ത്രജ്ഞൻ എന്ന നിലയ്ക്ക് ശാസ്ത്രദർശനപരമായ അന്വേഷണങ്ങൾ അദ്ദേഹത്തിനു ഉപകരിച്ചിട്ടേയില്ല. മാത്രവുമല്ല, ശാസ്ത്രത്തിന്റെ രീതിശാസ്ത്രത്തെപ്പറ്റിയുള്ള ശാസ്ത്രദർശനത്തിലെ ആലോചനകൾ ശരിയല്ല എന്നും അദ്ദേഹം പറയുന്നു.

അവസാനത്തെ പരാതിയിൽ രണ്ടു പ്രശ്നങ്ങളുണ്ട്. (ആദ്യത്തെ മൂന്ന് എതിർപ്പുകളെയും നാം പിന്നീട് വിശദമായി പരിഗണിക്കും). ആദ്യത്തേത് ശാസ്ത്രത്തിന്റെ രീതിശാസ്ത്രത്തെപ്പറ്റി ആലോചിക്കുന്നത് ശാസ്ത്രഗവേഷണമല്ല. ശാസ്ത്രദർശനമാണത്. അതായത് തത്വചിന്ത ചെയ്തുകൊണ്ടാണ് വീൻബർഗ് അതിനെ നിഷേധിക്കുന്നത്. ഇത് നാം മുന്നേ പരിചയപ്പെട്ട അരിസ്റ്റോട്ടിലിന്റെ വിഷമവൃത്തമാണ്. ഇതിലും പ്രസക്തമാണ് രണ്ടാമത്തെ പ്രശ്നം. ശാസ്ത്രത്തിന്റെ രീതിശാസ്ത്രത്തെ കുറിച്ച് ശാസ്ത്രജ്ഞരുടേയും തത്വചിന്തകരുടേതുമായി സുദീർഘമായ ആലോചനകൾ ലഭ്യമാണ്. വീൻബർഗ് മുന്നോട്ടുവയ്ക്കുന്നത് അദ്ദേഹം സയൻസ് ചെയ്യുന്ന രീതി മാത്രമാണ്. ഗണിതശാസ്ത്രപരമായ സിദ്ധാന്തങ്ങളെ ലാവണ്യപരമായി പരിഗണിക്കുക എന്ന ഐൻസ്റ്റീൻ മുതൽ ഒട്ടനവധി പേർ പ്രയോഗിച്ചിരുന്ന സിദ്ധാന്ത നിർമ്മിതിയുടെ മാതൃകയാണ് വീൻബർഗ് പരാമർശിക്കുന്നത്. സയൻസിന്റെ രീതി അതാണ് എന്ന് അദ്ദേഹത്തിനു തോന്നാം. എന്നാൽ, വീൻബർഗിന്റെ രീതിശാസ്ത്രം ശാസ്ത്രജ്ഞർക്കിടയിൽപോലും സർവ്വസമ്മതമായ ഒന്നല്ല. സിദ്ധാന്തത്തിന്റെ ലാവണ്യത്തെ പിൻപറ്റുന്ന രീതി ഒരിക്കൽ വിജയിച്ചതും ഇപ്പോൾ തുടർ പരാജയങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നതുമാണെന്ന് ശാസ്ത്രജ്ഞർ തന്നെ സാക്ഷ്യപ്പെടുത്തുന്നു. തങ്ങളുടെ തലമുറ, ഒരുതരത്തിൽ, പരാജയപ്പെട്ട ശാസ്ത്രജ്ഞരുടെ തലമുറയാണ് എന്ന് പരിതപിക്കുന്ന ലീ സ്മോളിന്റെ (Lee Smolin) The Trouble with Physics(2009)ഉം സബീൻ ഹോസേൻ ഫോൾഡറിന്റെ (Sabine Hossenfolder) Lost in Math: How beauty lead Physics Astray(2018) ലാവണ്യപരമായ സമീപനങ്ങളുടെ അപര്യാപ്തത വിവരിക്കുന്നുണ്ട്. അതായത്, മത്സ്യം വെള്ളത്തിലാണ് ജീവിക്കുന്നതെങ്കിലും അതിന് ജലത്തിന്റെ ബലതന്ത്രം അറിയാത്തതുപോലെയാണ് ശാസ്ത്രജ്ഞരുടെ ശാസ്ത്രത്തെപ്പറ്റിയുള്ള ധാരണകൾ എന്ന ഇമ്രെ ലകറ്റോഷിന്റെ (Imre Lakatose) അഭിപ്രായത്തെ ശരിവയ്ക്കുന്നതാണ് വീൻബർഗാദികൾ ശാസ്ത്രത്തെപ്പറ്റി പറയുന്ന കഥകൾ. വീൻബർഗ് വാദിക്കുംപോലെ നിഷ്ഫലമാണോ തത്വചിന്ത എന്നാണ് ഇനി പരിശോധിക്കുന്നത്. ആദ്യമൂന്നു വിമർശനങ്ങൾക്കുമുള്ള സമാധാനം ഈ പരിശോധനയിലൂടെ ലഭ്യമാകും.

**തത്വചിന്തയുടെ പ്രയോജനങ്ങൾ**

പ്രയോജനത്തെപ്പറ്റിയുള്ള ചിന്തകൾ പൊതുവേ പ്രയോജനരഹിതമാണ്. പ്രയോജനം അല്ലെങ്കിൽ ഉപയോഗക്ഷമത എന്നതിന് പല മനസ്സിലാക്കപ്പെടലുകൾ ഉള്ളതിനാൽ ഏതുകാര്യവും ഏതെങ്കിലും തരത്തിൽ ആർക്കെങ്കിലുമൊക്കെ പ്രയോജനപ്രദമായിരിക്കും. ഇത്തരത്തിലല്ല നാമിവിടെ പ്രയോജനത്തെ കാണുന്നത്. ഇതേപ്പറ്റി കൂടുതൽ പറയുന്നതിനു മുമ്പ് തത്വചിന്ത സയൻസിനു പ്രയോജനപ്രദമാക്കേണ്ടതുണ്ടോ എന്നതിന്റെ ഉത്തരം വ്യക്തമാക്കേണ്ടതുണ്ട്. ശാസ്ത്രദർശനം ശാസ്ത്രജ്ഞർക്ക് പ്രയോജനപ്പെടുക എന്നതാണ് ശാസ്ത്രദർശനത്തിന്റെ ലക്ഷ്യവും മൂല്യവും എന്ന് കരുതുന്നത് വലിയ പിഴവാണ്. കാരണം സയൻസിനെ സഹായിക്കുക എന്നതല്ല മറ്റു പഠനോദ്യമങ്ങളുടെ താൽപര്യം.

ഉദാഹരണത്തിന്, ശാസ്ത്രചരിത്രം നാം പഠിക്കുന്നത് ശാസ്ത്രജ്ഞരെ സഹായിക്കുവാൻ വേണ്ടിയല്ല. ഇക്കാരണത്താൽ, ശാസ്ത്രചരിത്രം വിലകുറഞ്ഞ അല്ലെങ്കിൽ മൂല്യം കുറഞ്ഞ ഒരു പഠനവിഷയമാകുന്നില്ല. അതുപോലെതന്നെയാണ് മറ്റു മാനവിക വിഷയങ്ങളും. സാഹിത്യവിമർശനത്തിന്റെ ലക്ഷ്യം കൂടുതൽ മികച്ച കവികളെ ഉണ്ടാക്കുക എന്നതല്ല. അഭികാമ്യമായ ഒരു ലക്ഷ്യമാണെങ്കിലും, സാഹിത്യവിമർശകരുടെ ആത്യന്തികമായ ലക്ഷ്യം മികച്ച കഥയോ കവിതയോ ഉണ്ടാക്കുകയല്ല മറിച്ച് ഉണ്ടായവയിൽനിന്നും മികവിനെ തിരിച്ചറിയുകയും മികവിന് മാനദണ്ഡങ്ങൾ ഉണ്ടെങ്കിൽ അതെന്തെന്ന് കണ്ടെത്തുകയുമൊക്കെയാണ്. അതുകൊണ്ട്, ശാസ്ത്രത്തിനു സഹായകരമല്ല എന്നത് ശാസ്ത്രചരിത്രത്തിന്റെയും സാഹിത്യവിമർശനത്തിന്റെയും മൂല്യക്കുറവിനെ സൂചിപ്പിക്കുന്നില്ല. ശാസ്ത്രദർശനം മേൽപ്പറഞ്ഞ

വിഷയങ്ങളെയൊക്കെപ്പോലെ സ്വയമേവ നിലനിൽപ്പുള്ള ഒന്നാണ്. ശാസ്ത്രജ്ഞർക്ക് ഉപകാരപ്പെടുക എന്നതല്ല അതിന്റെ താത്പര്യം. എന്നാൽ, സാഹിത്യവിമർശനം ചിലപ്പോഴൊക്കെ സർഗ്ഗാത്മക സാഹിത്യകാരന്മാരെ സഹായിക്കാറുള്ളതുപോലെ, ശാസ്ത്രദർശനം ശാസ്ത്രജ്ഞർക്ക് സഹായകരമായി എന്നും വരാം. അതുകൊണ്ട് ഏതെങ്കിലുമൊക്കെ ശാസ്ത്രജ്ഞർക്ക് തത്വചിന്തയിലെ തങ്ങളുടെ അൽപജ്ഞാനം താന്താങ്ങളുടെ ശാസ്ത്രഗവേഷണത്തിന് ഉപയോഗപ്രദമായില്ല എന്നത് തത്വചിന്തയെ, വിശേഷിച്ചും ശാസ്ത്രദർശനത്തെ, മൂല്യരഹിതമെന്ന് പറയുവാൻ പര്യാപ്തമായ കാരണമല്ല. ശാസ്ത്രീയതയല്ല എന്ന വിമർശനത്തിനും മേലെ കണ്ട മറുപടി സാധുവാണ്.

*(തുടരും)* ■

**തത്വവിചാരം** (തത്വചിന്തയെ പരിചയപ്പെടുത്തുന്ന പംക്തി ആരംഭിക്കുന്നു)

മുകുന്ദനുണ്ണി

# എന്താണ് തത്വചിന്ത?

**ഫിലോസഫി** എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം 'വിവേകത്തോടുള്ള പ്രിയം' എന്നാണ്. സമഗ്രമായ മനസ്സിലാക്കലിൽ നിന്നുണ്ടാകുന്ന വിവേകത്തോടുള്ള പ്രിയം. വിവേകമാകാൻ പാകപ്പെടേണ്ട അറിവിനെ അരിസ്റ്റോട്ടിൽ രണ്ടായി തരം തിരിക്കുന്നുണ്ട്. എങ്ങിനെയാണ് ഒരു കാര്യം ചെയ്യുക എന്ന അറിവാണ് ഒന്നാമത്തേത്. പ്രയോഗവുമായി ബന്ധപ്പെട്ട അറിവാണ് അത്. ഉദാഹരണം: സൈക്കിൾ ചവിട്ടാൻ അറിയുക. രണ്ടാമത്തേത്, പ്രയോഗത്തിലടങ്ങിയ എല്ലാ തന്ത്രങ്ങളും അതുമായി ബന്ധപ്പെട്ട അറിവിന്റെ ചക്രവാളവും മനസ്സിലാക്കലാണ്. ശരിയായി അറിയുക എന്നാൽ, അരിസ്റ്റോട്ടിലിന് പ്രക്രിയയുടെ (ജ്ഞേയം) അകവും പുറവും മനസ്സിലാകലാണ്. സൈക്കിൾ ചവിട്ടുന്നതിന്റെ യാന്ത്രിക ജ്ഞാനം മുതൽ സൈക്കിൾ യാത്രയുടെ സംസ്കാരവും കാലിക പ്രസക്തിയും വരെ ഈ അറിവിന്റെ പരിധിയിൽ വരുന്നതാണ്. രണ്ട് തരത്തിലുള്ള ഈ വിഭജനത്തെ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു പ്രസ്താവനയാണ് 'ഫിലോസഫി എന്നാൽ വിവേകത്തോടുള്ള പ്രിയമാണ്' എന്നത്. സമാന്തരമായി മലയാളത്തിൽ, തത്വമറിയലാണ് തത്വചിന്ത എന്നും പറയാം. പക്ഷെ എന്താണ് തത്വചിന്ത എന്ന് താത്വികമായി ചോദിക്കുമ്പോൾ ആ ചോദ്യത്തിനുള്ള ഉത്തരം ഇത്രമേൽ ലളിതവും സുസാധ്യവുമല്ല.

തത്വചിന്ത എന്നാൽ തത്വചിന്തയുടെ ചരിത്രമാണോ? ആശയങ്ങളുടെ ചരിത്രമാണോ? ആണെന്ന ഒരു നിലപാടുണ്ട്. തത്വചിന്തകരേയും അവരുടെ ആശയങ്ങളേയും അവതരിപ്പിക്കുന്ന തത്വചിന്തയുടെ ചരിത്രം വിളമ്പുന്നത് മാറ്റിവെച്ച് ഇതേ ചോദ്യം തത്വചിന്താപരമായി ചോദിക്കുകയാണെങ്കിൽ അതിന്റെ ഉത്തരം ആശയങ്ങളുടെ ചരിത്രം മാത്രമായിരിക്കില്ല. കാരണം എന്താണ് തത്വചിന്ത എന്ന ചോദ്യം തന്നെ തത്വചിന്താപരമാണ്. ആ ചോദ്യം തത്വചിന്തയുടെ അകത്തുള്ള ചോദ്യമാണ്. തത്വചിന്ത സ്വയം അഭിമുഖമായി നിന്ന് ചോദിക്കുകയാണ്. ചോദ്യത്തിൽ തത്വചിന്തയുടെ ദ്വന്ദ്വാത്മക (ഡയലക്ടിക്കൽ) സ്വഭാവമാണ് പ്രകടമാകുന്നത്. സമാനമായ ചോദ്യം മറ്റൊരു മേഖലയിൽ ചോദിച്ചാൽ ഈ വ്യത്യാസം പ്രകടമാകും. എന്താണ് സംഗീതം എന്ന് ചോദിച്ചാലറിയാം. സങ്കോചത്തിനിടയില്ലാത്ത വിധം വിശദമായ ഉത്തരം ലഭിക്കും. എന്തെന്നാൽ, എന്താണ് സംഗീതം എന്ന ചോദ്യം സംഗീതം സ്വയം ചോദിക്കുന്ന ചോദ്യമല്ല. പുറത്തുനിന്നുള്ള ചോദ്യമാണ്. നേരെമറിച്ച് എന്താണ് തത്വചിന്ത എന്ന ചോദ്യം തത്വചിന്ത അതിനോടുതന്നെ ചോദിക്കുന്ന ചോദ്യമാണ്. അതായത്, ആ ചോദ്യം പ്രതിഫലനാത്മകമാണ്. അതുകൊണ്ടാണ് സോക്രട്ടീസ് മുതൽ ജിൽ ദെല്ലൂസ് ('എന്താണ് തത്വചിന്ത' എന്ന് പേരുള്ള പുസ്തകം എഴുതിയിട്ടുണ്ട്) വരെ ഈ ചോദ്യം ചോദിച്ചുകൊണ്ടിരുന്നത്.

എന്താണ് തത്വചിന്ത എന്ന് ചോദിക്കുകയും അതിന് ഉത്തരം നൽകിക്കൊണ്ട് തുടങ്ങുകയുമല്ല, ഒരുപക്ഷെ തത്വചിന്ത ചെയ്യൽ. ആദ്യ ഖണ്ഡികയിൽ പറഞ്ഞതുപോലെ തത്വചിന്ത പലപ്പോഴും അറിവു നൽകുന്നുണ്ട്. പക്ഷെ അറിവിനെയല്ല അത് ഉന്നംവെയ്ക്കുന്നത്. ഉദാഹരണത്തിന് നാഗാർജുന ചെയ്യുന്നത് അറിവില്ലാതാക്കുകയാണ്. പ്രമാണത്തിന് അടിസ്ഥാനമില്ല എന്ന് സ്ഥാപിക്കുകയാണ്. ഒരു നിലപാടും പകരം വെയ്ക്കുന്നുമില്ല. ഒരു മാർഗ്ഗവും നിർദ്ദേശിക്കുന്നുമില്ല. എങ്കിലും അത് മഹത്തായ തത്വചിന്തയാണ്. സ്വപക്ഷം സ്ഥാപിക്കാതെ പരപക്ഷം ഖണ്ഡിക്കലാണ് വിതണ്ഡാവാദം. യുക്തിയുക്തം തർക്കിച്ച്, സ്ഥാപിതമായ പ്രമാണത്തെ, അസാധുവാക്കൽ. ഇത് വാദത്തിലെ സംവാദപ്രകൃതത്തിന്റെ ഏറ്റവും സ്വതന്ത്രമായ ഒരു സാധ്യതയാണ്. ന്യായത്തിന്റെ സാധ്യതകളെ താത്വികമായി ഉപയോഗിക്കുകയാണ് നാഗാർജ്ജുനയുടെ വിതണ്ഡാവാദത്തിൽ. തത്വചിന്തയുടെ ഉന്നം അറിവുണ്ടാക്കലല്ല എന്ന് വിറ്റ്ഗെൻസ്റ്റൈനിന്റെ ചിന്തകളിലും കാണാം. വിറ്റ്ഗെൻസ്റ്റൈൻ വ്യക്തതയേയും കൃത്യതയേയും മനസ്സിലാക്കാൻ ശ്രമിക്കുമ്പോഴും അറിവല്ല ഉന്നം. നിഗമനത്തെ നീട്ടിവെച്ചുള്ള നോട്ടമാണ്.

എന്താണ് തത്വചിന്ത എന്ന ചോദ്യത്തിന് ഒരു പക്ഷെ ഒരു അവസാന ഉത്തരം നൽകാൻ കഴിയണമെന്നില്ല. കാരണം ഓരോ തത്വചിന്തകരും എഴുതിത്തുടങ്ങുക പുതിയ തത്വചിന്തയായാണ്. പ്ലാറ്റോ തുടങ്ങിയതല്ല അരിസ്റ്റോട്ടിൽ തുടങ്ങിയത്. ഓരോരുത്തരുടേയും തത്വചിന്ത തുടർച്ചയില്ലായ്മയുടെ നിരയാണ്. തുടർച്ചയുള്ളത് തത്വചിന്ത എന്ന പ്രശ്നത്തിനു മാത്രമാണ്.

ഇരുപതാം നൂറ്റാണ്ടിൽ മറ്റൊരു തരത്തിലുള്ള തത്വചിന്താസരണി രൂപപ്പെട്ടിരുന്നു. അനലിറ്റിക്ക് തത്വചിന്ത. രണ്ടു വിശ്വാസങ്ങളാണ് അനലിറ്റിക് തത്വചിന്തയെ ഇതര തത്വചിന്താപ്രസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമാക്കുന്നത്. ഒന്ന്, ചിന്തയുടെ താത്വികാഖ്യാനം ഭാഷയുടെ താത്വികാ